## പ്രധാനവാർത്തകൾ

1. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 93 ആയി. മരണസംഖ്യ ഇനിയും ഉയരാൻ സാധ്യത. പരിക്കേറ്റ 130-ഓളം പേരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു.
2. രക്ഷാപ്രവർത്തനം സാധ്യമായ എല്ലാരീതിയിലും തുടരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രദേശത്ത് കുടുങ്ങിയവരെ വ്യോമസേനാ വിമാനങ്ങളിൽ എയർലിഫ്റ്റ് ചെയ്യാൻ ആരംഭിച്ചു. വിവിധ സേനാവിഭാഗങ്ങൾ മേഖലയിൽ രക്ഷാപ്രവർത്തനം തുടരുന്നു.
3. സംസ്ഥാനത്ത് ഇന്നും നാളെയും ഔദ്യോഗിക ദുഃഖാചരണം. പൊതുചടങ്ങുകളും ആഘോഷ പരിപാടികളും മാറ്റിവച്ചു.
4. സംസ്ഥാനത്ത് അതിതീവ്രമഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ്.എട്ട് ജില്ലകളിൽ ചുവപ്പ് ജാഗ്രത. അഞ്ച് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.
5. പാരീസ് ഒളിമ്പിക്സ് 10 മീറ്റർ എയർ പിസ്റ്റൾ മിക്സ്ഡ് ഷൂട്ടിംഗിൽ മനു ഭാക്കർ - സരബ്ജോത് സിംഗ് സഖ്യത്തിന് വെങ്കലം.

PBUTVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

ഹെഡ് ലൈൻ - 1 + 2

ഉരുൾപൊട്ടൽ ജനറൽ

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 93 ആയി. മരണസംഖ്യ ഇനിയും ഉയരാൻ സാധ്യതയുണ്ടെന്നാണ് പ്രദേശത്തു നിന്ന് ലഭിക്കുന്ന വിവരം. മരിച്ചവരിൽ 34 പേരെ ഇതിനകം തിരിച്ചറിഞ്ഞു. ദുരന്തത്തിൽ പരിക്കേറ്റ 130-ഓളം പേരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. അതീവ ദാരുണമായ പ്രകൃതി ദുരന്തമാണ് വയനാട്ടിലുണ്ടായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മുണ്ടക്കൈ, അട്ടമല, ചൂരൽമല മേഖലയിൽ ഇന്ന് പുലർച്ചെ രണ്ട് മണിക്കും നാല് മണിക്കുമിടയിൽ രണ്ട് തവണയാണ് ഉരുൾപൊട്ടലുണ്ടായത്. രക്ഷാപ്രവർത്തനം സാധ്യമായ എല്ലാരീതിയിലും തുടരുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. ദുരന്തത്തിൽ ഒറ്റപ്പെട്ട മുണ്ടക്കൈ മേഖലയിൽ പരിക്കേറ്റ നിലയിലുണ്ടായിരുന്ന മുഴുവൻ പേരെയും കരസേനയുടെ നേതൃത്വത്തിൽ രക്ഷപ്പെടുത്താൻ സാധിച്ചതായി മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ്)

ഉരുൾപൊട്ടലിനെ തുടർന്ന് നിരവധിപ്പേർ മണ്ണിനടിയിൽ കുടുങ്ങുകയും, ഒഴുക്കിൽപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കാണാതായ എല്ലാവരെയും കണ്ടെത്താൻ ശ്രമം തുടരുമെന്നും മുഖ്യമന്ത്രി അറിയിച്ചു. വീടുകൾക്കും, സ്വത്തുവകകൾക്കും വലിയതോതിലുള്ള നാശനഷ്ടവും മേഖലയിൽ സംഭവിച്ചിട്ടുണ്ട്. അതിതീവ്രമഴയാണ് അപകടത്തിലേക്ക് നയിച്ചതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. രക്ഷാപ്രവർത്തനം ഏകോപിപ്പിക്കാൻ സംസ്ഥാന മന്ത്രിമാരുടെ സംഘവും വയനാട്ടിലെത്തിയിട്ടുണ്ട്. മന്ത്രിമാരായ കെ രാജൻ, പി.എ മുഹമ്മദ് റിയാസ്, ഒ.ആർ കേളു, എ കെ ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, എന്നിവരാണ് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്. കേന്ദ്രസഹമന്ത്രി ജോർജ് കുര്യനും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരം വയനാട്ടിലെത്തും.

RNU TVPM

**$$$$$$$$$$$$$$$$$$$$$$$$$$$$$**

**<u>രക്ഷാപ്രവർത്തനം ഇൻട്രോ</u>**

വയനാട് ഉരുൾപൊട്ടൽദുരന്തത്തിൽ പരിക്കേറ്റവരെയും കുടുങ്ങിക്കിടന്നവരെയും വ്യോമസേനയുടെ ഹെലികോപ്റ്ററുകളിൽ

എയർലിഫ്റ്റ് ചെയ്യാനാരംഭിച്ചു. പ്രതികൂല കാലാവസ്ഥ എയർലിഫ്റ്റിങ്ങിന് രാവിലെ മുതൽ തടസ്സം സൃഷ്ടിക്കുകയായിരുന്നു. കരസേനയും, നാവികസേനയും ദേശീയ സംസ്ഥാന ദുരന്ത നിവാരണ സേനകളും, അഗ്നിശമന സേനയും മേഖലയിൽ രക്ഷാപ്രവർത്തനം തുടരുകയാണ്. ഒറ്റപ്പെട്ട നിലയിലായിരുന്ന മുണ്ടക്കൈയിൽ, ദുരന്തത്തിന് 11 മണിക്കൂറുകൾക്ക് ശേഷമാണ് കരസേനയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തകർക്ക് എത്തിച്ചേരാനായത്. ഉരുൾപൊട്ടലിൽ പാലം തകർന്ന സാഹചര്യത്തിൽ ബദൽ സംവിധാനം ഒരുക്കുന്നതിനായി സൈന്യത്തിൻറെ എഞ്ചിനീയറിങ്ങ് വിഭാഗവും മേഖലയിലുണ്ട്. സന്നദ്ധ പ്രവർത്തകരും പ്രദേശവാസികളും, നാട്ടുകാരുമടക്കം നിരവധിപ്പേരും രക്ഷാ പ്രവർത്തനങ്ങളിൽ സജീവമാണ്. വയനാട്ടിൽ 45 ദുരിതാശ്വാസ ക്യാമ്പുകളിലായി 3069 പേരെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി വയനാട്ടിൽ നിന്നും ആകാശവാണി പ്രതിനിധി അരുൺ വിൻസൻറ്------

(ഹോൾഡ്)

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>**നിലമ്പൂർ**</u>

വയനാട് ദുരന്തത്തിൽ അകപ്പെട്ടവരുടെ മൃതദേഹങ്ങൾക്കായി ചാലിയാർ പുഴയിൽ തിരച്ചിൽ തുടരുകയാണെന്ന് നിലമ്പൂർ എംഎൽഎ പി.വി. അൻവർ . 20-ഓളം മൃതദേഹങ്ങളാണ് നിലമ്പൂർ പോത്തുകൽ, ചുങ്കത്തറ മേഖലകളിൽ നിന്നായി ലഭിച്ചത്. കൂടുതൽ മൃതദേഹങ്ങൾ ചാലിയാർ പുഴയിലുണ്ടാകാനുള്ള സാധ്യത പരിഗണിച്ച് എൻ.ഡി.ആർ.എഫും പൊലീസും ഫയർഫോഴ്സും പ്രദേശത്ത് തിരച്ചിൽ തുടരുകയാണ്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>ഹെഡ് ലൈൻ - 3</u>

<u>**ഔദ്യോഗിക ദുഃഖാചരണം**</u>

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇന്നും നാളെയും സംസ്ഥാനത്ത് ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. ദുഃഖാചരണ കാലയളവിൽ സംസ്ഥാനമൊട്ടാകെ ദേശീയപതാക പകുതി താഴ്ത്തിക്കെട്ടേണ്ടതും സർക്കാർ നിശ്ചയിച്ചിട്ടുള്ള പൊതുചടങ്ങുകളും ആഘോഷ പരിപാടികളും മാറ്റിവയ്ക്കേണ്ടതുമാണെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>പ്രധാനമന്ത്രി</u>

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും പ്രധാനമന്ത്രി നരേന്ദ്രമോദിയും അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് അൻപതിനായിരം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം പ്രഖ്യാപിച്ചു. മുഖ്യമന്ത്രി പിണറായി വിജയനുമായി ഫോണിൽ ബന്ധപ്പെട്ട് സ്ഥിതിഗതികൾ ആരാഞ്ഞ പ്രധാനമന്ത്രി രക്ഷാപ്രവർത്തനത്തിന് എല്ലാ പിന്തുണയും ഉറപ്പുനൽകി. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും, മുഖ്യമന്ത്രിയെ വിളിച്ച് സ്ഥിതിഗതികൾ ആരാഞ്ഞു.

RIJU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>വയനാട് - രാഹുൽ ഗാന്ധി</u>

വയനാട് ദുരന്തം പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പാർലമെൻറിൽ ഉന്നയിച്ചു . കേന്ദ്ര സർക്കാർ സാധ്യമായ എല്ലാ പിന്തുണയും സംസ്ഥാനത്തിന് നൽകണമെന്നും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം വർദ്ധിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മുഖ്യമന്ത്രി പിണറായി വിജയനെ ഫോണിൽ വിളിച്ചും അദ്ദേഹം സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>തമിഴ്നാട് - സഹായ ഹസ്തം</u>

വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ അനുശോചനം രേഖപ്പെടുത്തി തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ. കേരളത്തിന്റെ

ദുഃഖത്തിൽ പങ്കുചേരുന്നതായി പറഞ്ഞ അദ്ദേഹം രക്ഷാപ്രവർത്തനത്തിനും പുനരധിവാസത്തിനുമായി 5 കോടി രൂപ കേരളത്തിന് നൽകുമെന്നും അറിയിച്ചു. മെഡിക്കൽ സംഘത്തെയും അഗ്നിശമന സേനാ സംഘത്തെയും സംസ്ഥാനത്തേക്ക് അയയ്ക്കുമെന്നും അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**ആരോഗ്യ മന്ത്രി - അവലോകനം**

വയനാട് ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യമന്ത്രി വീണ ജോർജിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് റാപ്പിഡ് റെസ്പോൺസ് ടീമിന്റെ യോഗം ചേർന്നു. ജില്ലകളുടെ പൊതു സാഹചര്യവും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന ജില്ലകളുടെ പ്രവർത്തനങ്ങളും യോഗം ചർച്ച ചെയ്തു. മേപ്പാടിയിലും നിലമ്പൂരിലുമായി 51 പേരുടെ പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയായി. താത്ക്കാലിക ആശുപത്രിയും ഇവിടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**വയനാട് - ജി.ആർ.അനിൽ**

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ പിന്തുണയും ഉറപ്പുവരുത്താൻ പൊതുവിതരണ വകുപ്പിലേയും സപ്ലൈകോയിലെയും ഉദ്യോഗസ്ഥർക്ക് മന്ത്രി ജി.ആർ. അനിൽ നിർദ്ദേശം നല്കി. ക്യാമ്പുകളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങളുടെയും അവശ്യവസ്തുക്കളുടെയും വിതരണം ഉറപ്പുവരുത്തുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചതായും അദ്ദേഹം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**മന്ത്രി കെ കൃഷ്ണൻകുട്ടി.**

ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിൽ, വൈദ്യുതി ബന്ധം പരമാവധി ഇന്നുതന്നെ പുനഃസ്ഥാപിക്കുമെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി. ദുരന്ത ബാധിത മേഖലയിലെ 7 ട്രാൻസ്ഫോർമർ പരിധിയിൽ ഒഴികെ വൈകിട്ടോടെ വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാനാണ് മന്ത്രി നിർദ്ദേശം നൽകിയത്.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$

## ഹെഡ് ലൈൻ - 4

### മഴ

സംസ്ഥാനത്ത് അതിതീവ്രമഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ്. അടുത്ത 48 മണിക്കൂർ കൂടി മഴ ശക്തമായി തുടരുമെന്നാണ് മുന്നറിയിപ്പ്. വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, പാലക്കാട്, തൃശൂർ, ഇടുക്കി ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. അതിതീവ്ര മഴയ്ക്കുള്ള സാധ്യത പരിഗണിച്ച് ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്ന് ജനങ്ങൾ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറണമെന്നും നിർദ്ദേശമുണ്ട്. നദിക്കരകളിലും, അണക്കെട്ടുകളുടെ കീഴ്പ്രദേശങ്ങളിലും താമസിക്കുന്നവർ അപകടസാധ്യത മുൻകൂട്ടിക്കണ്ട് മാറിത്താമസിക്കേണ്ടതാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി.

RNUTVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$

### അവധി

സംസ്ഥാനത്ത് കനത്ത മഴ നിലനിൽക്കുന്ന സാഹചര്യത്തിൽ പത്തനംതിട്ട, കാസർഗോഡ്, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിൽ ജില്ലാ കളക്ടർമാർ നാളെ അവധി പ്രഖ്യാപിച്ചു. പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധിയായിരിക്കും. നാളെ മുതൽ ഓഗസ്റ്റ് രണ്ട് വരെ നടത്താനിരുന്ന പരീക്ഷകൾ മാറ്റിവച്ചതായി പി.എസ്.സി അറിയിച്ചു. എന്നാൽ അഭിമുഖങ്ങൾക്ക് മാറ്റമില്ല.

$$$$$$$$$$$$$$$$$$$$$$$$$$$$$$

### കോഴിക്കോട് മഴ - ഇൻട്രോ

കോഴിക്കോട് ജില്ലയിൽ മഴയ്ക്ക് നേരിയ ശമനം. ശക്തമായ മഴയെത്തുടർന്ന് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ മഴക്കെടുതികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദുരിത ബാധിതപ്രദേശങ്ങളിൽ നിന്ന് നിരവധിപ്പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിയിട്ടുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>ഇടുക്കി മഴ (ഇൻട്രോ)</u>

ഇടുക്കിയിൽ തിങ്കളാഴ്ച്ച ഉച്ചക്ക് ശേഷം തുടങ്ങിയ കനത്ത മഴ ഇന്നും തുടരുകയാണ്. പ്രധാന റോഡുകളിൽ ഉൾപ്പെടെ പലയിടങ്ങളിലും മണ്ണിടിഞ്ഞ് വീണ് ഗതാഗതം തടസപ്പെട്ടു. ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ഡാമുകൾ തുറന്ന് വിട്ടു. അടിമാലിയിൽ ഒഴുക്കിൽപ്പെട്ട് ഒരാൾ മരിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>ഐ.ഡി. എസ്. എഫ്. എഫ്. കെ</u>

RNU TVPM

വയനാട് ദുരന്തത്തിൽ മരിച്ചവരോടുള്ള ആദര സൂചകമായി 16 മത് ഐ.ഡി. എസ്. എഫ്. എഫ്. കെയുടെ ഔദ്യോഗിക ചടങ്ങുകൾ ഒഴിവാക്കി. ഷെഡ്യൂൾ പ്രകാരമുള്ള പ്രദർശനങ്ങൾ മാത്രം നടക്കും. മത്സര വിഭാഗത്തിലെ ചിത്രങ്ങൾക്കുള്ള പുരസ്കാരങ്ങൾ ഔപചാരിക ചടങ്ങില്ലാതെ ജേതാക്കൾക്ക് കൈമാറും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>നിപ</u>

മലപ്പുറം ജില്ലയിൽ 20 പേരുടെ നിപ പരിശോധനാ ഫലങ്ങൾ കൂടി നെഗറ്റീവായതായി ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. പുതുതായി ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. 472 പേരാണ് നിലവിൽ സമ്പർക്ക പട്ടികയിലുള്ളതെന്നും ആരോഗ്യമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>നിർമല സീതാരാമൻ</u>

സമൂഹത്തിലെ എല്ലാ മേഖലയിലെ ജനങ്ങൾക്കും ഗുണകരമാകുന്ന പദ്ധതികൾ ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ലോക്സഭയിൽ ബജറ്റ് ചർച്ചക്ക് മറുപടി പറയുകയായിരുന്നു ധനമന്ത്രി. കർഷകർക്കും യുവാക്കൾക്കും പ്രത്യേക പരിഗണന ബജറ്റിൽ നൽകിയിട്ടുണ്ട്. യുവാക്കൾക്കായി അഞ്ച് പദ്ധതികൾ ഈ ബജറ്റിൽ ആവിഷ്കരിച്ചതായും ധനമന്ത്രി പറഞ്ഞു. കാർഷിക മേഖലക്ക് 2013 നെ അപേക്ഷിച്ച് കൂടുതൽ തുക നീക്കി വെച്ചതായും മന്ത്രി വ്യക്തമാക്കി..

**$$$$$$$$$$$$$$$$$$$$$$$$$$$$$$**

## ഹെഡ് ലൈൻ - 5

**പാരിസ് ഒളിമ്പിക്സ്- മനു ഭാക്കർ ഇൻട്രോ**

പാരീസ് ഒളിമ്പിക്സിൽ 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ഷൂട്ടിംഗിൽ മനു ഭാക്കർ - സരബ്ജോത് സിംഗ് സഖ്യത്തിന് വെങ്കലം. ദക്ഷിണ കൊറിയൻ സഖ്യത്തെ പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ മെഡൽ നേട്ടം.

RNU TVPM

കൂടുതൽ വിവരങ്ങളുമായി പാരീസിൽ നിന്നും ആകാശവാണിക്ക് വേണ്ടി വി. ശിവകുമാർ..

(ഹോൾഡ്)

ഒളിംപിക്സിൽ തുഴച്ചിൽ സ്കൾസ് പുരുഷവിഭാഗത്തിൽ ബൽരാജ് പൻവാർ സെമി ഫൈനലിലേക്ക് യോഗ്യത നേടി.

**$$$$$$$$$$$$$$$$$$$$$$$$$$$$$$**

**പത്തനംതിട്ട - യാത്രാ വിലക്ക്**

പത്തനംതിട്ട ജില്ലയിൽ അതിശക്തമായി മഴ തുടരുന്ന സാഹചര്യത്തിൽ രാത്രിയാത്ര, ക്വാറികളുടെ പ്രവർത്തനം എന്നിവയ്ക്ക് നാളെ മുതൽ ആഗസ്റ്റ് 5 വരെ ജില്ലാ കളക്ടർ നിരോധനമേർപ്പെടുത്തി. കുട്ടവഞ്ചിയുൾപ്പെടെയുള്ള വിനോദ സഞ്ചാരകേന്ദ്രങ്ങളിലേക്കുള്ള പ്രവേശനത്തിനും വിലക്കുണ്ട്.

**$$$$$$$$$$$$$$$$$$$$$$$$$$$$$$**

**പോത്തുണ്ടി ഡാം**

വൃഷ്ടിപ്രദേശത്ത് ഉരുൾപൊട്ടിയതിനാൽ പാലക്കാട് , പോത്തുണ്ടി ഡാമിൻ്റെ ജലനിരപ്പ് ക്രമീകരിക്കുന്നതിന് സ്പിൽവെ ഷട്ടറുകൾ നിയന്ത്രിത അളവിൽ തുറന്നു. പോത്തുണ്ടി പുഴയുടെയും ഗായത്രി പുഴയുടെയും തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>പ്രവേശനവിലക്ക്കോട്ടയം</u>

കോട്ടയം ജില്ലയിൽ മഴ ശക്തമായി തുടരുന്ന സാഹചര്യത്തിലും വരും ദിവസങ്ങളിൽ മഴ രൂക്ഷമാകുമെന്ന മുന്നറിയിപ്പുകൾ ലഭിച്ചിരിക്കുന്നതിനാലും കോട്ടയം ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ,ഇല്ലിക്കൽകല്ല്, മാർമല അരുവി എന്നിവിടങ്ങളിലെ പ്രവേശനവും ഈരാറ്റുപേട്ട വാഗമൺ റോഡിലെ രാത്രികാലയാത്രയും ഓഗസ്റ്റ് നാലുവരെ നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>ക്വാറികളുടെ പ്രവർത്തനം-നിർത്തിവെച്ചു</u>

കോഴിക്കോട് ജില്ലയിൽ കനത്ത മഴ തുടരുന്നതിനാൽ ജില്ലയിൽ വെള്ളച്ചാട്ടങ്ങൾ, നദീതീരങ്ങൾ, ബീച്ചുകൾ ഉൾപ്പെടെ എല്ലാ ജലാശയങ്ങളിലേക്കുമുള്ള പ്രവേശനം ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ പൂർണ്ണമായും നിരോധിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. മലയോര പ്രദേശങ്ങൾ, ചുരം മേഖലകൾ എന്നിവിടങ്ങളിലേക്ക് രാത്രി ഏഴ് മുതൽ രാവിലെ ഏഴ് വരെ അടിയന്തിര യാത്രകൾ അല്ലാത്തവ ഒഴിവാക്കാനും നിർദ്ദേശമുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>സ്പെഷ്യൽ ഓഫീസർ - വയനാട് ദുരന്തം</u>

വയനാട് ഉരുൾപൊട്ടലിൻറെ പശ്ചാത്തലത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവുവിനെ സ്പെഷ്യൽ ഓഫിസറായി സംസ്ഥാന സർക്കാർ നിയമിച്ചു. ദുരന്ത

PNU TVPM

നിവാരണ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജില്ലാ കളക്ടർക്കും ജില്ലാ ഭരണകൂടത്തിനും ആവശ്യമായ പിന്തുണ നൽകുന്നതിനുമായാണു സ്പെഷ്യൽ ഓഫിസറെ നിയോഗിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**<u>കൺട്രോൾ റൂമുകൾ തുറന്നു.</u>**

വയനാട് ഉരുൾപൊട്ടലിൻറെ പശ്ചാത്തലത്തിൽ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ കൺട്രോൾ റൂമുകൾ തുറന്നു. ആരോഗ്യവകുപ്പിൻറെ കൺട്രോൾ റൂമുകളിൽ **96 56 93 86 89 എന്ന നമ്പറിലോ 80 86 01 08 33** എന്ന നമ്പറിലോ ബന്ധപ്പെടാം. പൊലീസ് ആസ്ഥാനത്തും പ്രത്യേക കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമിൽ **94 97 90 04 02** എന്ന നമ്പറിലോ **0471 2 72 15 66** എന്ന നമ്പറിലോ ബന്ധപ്പെടാം. വയനാട് ജില്ലാഭരണകൂടം സജ്ജീകരിച്ചിരിച്ച കൺട്രോൾ റൂമിൽ 1077 എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടാം.

$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$

RNU TVPM